# ആദിവാസിയുടെ ആധുനികത
## മുള്ളക്കുറുമരുടെ സാമൂഹ്യജീവിതത്തിലെ പരിണാമങ്ങളെ മുൻനിർത്തി ചില ചിന്തകൾ

**ബിജു കെ കെ**
അധ്യാപകൻ, ജി വി എച്ച് എസ് എസ്, വാക്കേരി

### കാട്ടിലെ പ്രതിസന്ധികൾ

പുറംലോകത്തിന്റെ ആധുനികതാപരമായ മാറ്റങ്ങളിലൂടെ സാമൂഹികസാംസ്കാരിക തലങ്ങളിലെല്ലാം വലിയ പരിവർത്തനങ്ങൾ ആദിവാസികൾക്കിടയിൽ സംഭവിച്ചു കഴിഞ്ഞിരിക്കുന്നു. സർക്കാരും സന്നദ്ധ സംഘടനകളും ആദിവാസികൾക്കിടയിൽ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായാണ് ഇപ്പോഴുള്ള മാറ്റമെന്നു പറയാം. സാമൂഹികമായി അവരെ സംസ്കരിച്ചെടുക്കുന്ന പ്രവർത്തനമാണ് ഈ ഏജൻസികൾ നിർവ്വഹിച്ചത്. ഈ പ്രക്രിയയുടെ ഫലമായി തനതു സംസ്കാരവും ജീവിതത്തനിമയും നഷ്ടമായ ഇവർ ഇന്നു വലിയൊരു സ്വത്വപ്രതിസന്ധിയിലാണ് എത്തിനില്ക്കുന്നത്. ഈ പ്രതിസന്ധിയുടെ ചില ശബ്ദങ്ങളാണ് ആദിവസിക്കുടികളിലെ പട്ടിണിമരണങ്ങളും ചൂഷണങ്ങളുമായി ഇടയ്ക്കിടക്ക് പുറംലോകത്തെത്തുന്നത്.

ആദിവാസികൾ അരനൂറ്റാണ്ടിനപ്പുറംവരെ കാടിനെ ആശ്രയിച്ചു പുലർന്നവരായിരുന്നു. നായാട്ടുനടത്തി കിട്ടുന്ന മൃഗങ്ങളുടെ ഇറച്ചിയുംകാട്ടുകിഴങ്ങുകളും ഭക്ഷിച്ച് ജീവിച്ചുപോന്നു. വനത്തിൽ നിന്നുള്ള മറ്റുവിഭവങ്ങൾ ശേഖരിച്ച് പുറംനാട്ടിലെത്തിച്ച് വിൽപന നടത്തിയുമാണ് മുമ്പ് ഇക്കൂട്ടർ കഴിഞ്ഞിരുന്നത്. എന്നാൽ ആധുനിക വനനിയമങ്ങൾ, 1964-ലേയും 1976-ലേയും, ആദിവാസികൾ വനത്തിൽ പ്രവേശിക്കുന്നതും നായാട്ടുനടത്തുന്നതും ക്രിമിനൽ കുറ്റമായി

കണക്കാക്കുന്നു. ആദിവാസിജനതയുടെ ആചാരാനുഷ്ഠാനങ്ങൾക്ക് കാടുമായി അഭേദ്യമായ ബന്ധമുണ്ട്. അനുഷ്ഠാനത്തിന്റെ ഭാഗമായി നായാട്ടുനടത്തിയ ആദിവാസികളെ അറസ്റ്റുചെയ്ത സംഭവങ്ങൾ വയനാട്ടിൽ ഉണ്ടായിട്ടുണ്ട്. സ്വതന്ത്രരായി, സമൃദ്ധമായി ജീവിച്ചിരുന്ന ഒരു ജനതയെപ്രതിസന്ധിയിലാക്കുകയാണ് ആധുനിക വനനിയമങ്ങളിലൂടെ ഭരണകൂടം ചെയ്തത്. ചുരുക്കിപ്പറഞ്ഞാൽ ഭരണകൂടം വനനിയമങ്ങൾ ഉപയോഗിച്ചുകൊണ്ട് ഗോത്രജനതയുടെ വിഭവങ്ങൾ അപഹരിക്കുകയാണ് ചെയ്തിട്ടുള്ളത്

അനേകം കോടികളാണ് ഗോത്രജനതയ്ക്കായി ഓരോവർഷവും ചെലവഴിക്കുന്നത്. എന്നിട്ടും ഇവരുടെ ജീവിതം എന്തുകൊണ്ടാണ് ഒരു മാറ്റവുമില്ലാതെ തുടരുന്നത്? ഇവിടെയാണ് ഫണ്ടുവിനിയോഗത്തിലെ കാപട്യം തിരിച്ചറിയേണ്ടത്. റോഡുകളും പാലങ്ങളുമൊക്കെ ട്രൈബൽ ഫണ്ടിലുൾപ്പെടുത്തി നിർമ്മിക്കുന്നു. പക്ഷേ യഥാർത്ഥ ഗുണഭോക്താക്കൾ ഒരിക്കലും ആദിവാസികൾ ആകുന്നില്ല, ഗുണഭോക്താക്കൾ ഗോത്ര ഇതര സമൂഹമാണ്. ഇത്തരത്തിലാണ് ആദിവാസികളെ മുൻനിർത്തി വികസനഫണ്ടുകൾ ചെലവഴിക്കുന്നത്. ഫണ്ടുകളുടെ ധനഭാരം മുഴുവൻ ഗോത്രജനതയുടെ തലയിൽ വച്ചുകെട്ടുന്നു. എന്ത് കൊടുത്താലും എത്രകൊടുത്താലും നന്നാകാത്തവർ എന്ന ദുഷ്പേര് മാത്രം ആദിവാസി ജനതയ്ക്ക് അവശേഷിക്കുന്നു. ഇതാണ് ഗോത്രമേഖലയിൽ നടക്കുന്ന വികസനത്തിന്റെ നേർചിത്രം. ആദിവാസികളെക്കുറിച്ച് പറയുമ്പോൾ പൊതുവെ വിലയിരുത്തപ്പെടുന്നത് മാറ്റങ്ങളോടു പുറംതിരിഞ്ഞുനില്ക്കുന്നവർ എന്നാണ്. മാറിനിന്നു എന്നതിനപ്പുറം ആധുനികതയുടെ യാതൊരു പരിഗണനയും ലഭിക്കാതെപോയ ഒരു ജനവിഭാഗമാണ് ആദിവാസിഗോത്രജനത. എല്ലാ ഗോത്രവിഭാഗങ്ങളും ഒരുപോലെയാണെന്നു പറയുന്നില്ല, മേല്പറഞ്ഞ വസ്തുതകൾ നിലനില്ക്കുമ്പോൾതന്നെ, വയനാട്ടിലെ മുള്ളക്കുറുമർ, കുറിച്യർ, ഇടുക്കിയിലെ മലയരയർ തുടങ്ങിയ ഗോത്ര വിഭാഗങ്ങൾ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക തലങ്ങളിൽ മുഖ്യധാരാ സമൂഹത്തിനൊപ്പം എത്തിച്ചേർന്നവരാണ്. വിദ്യാഭ്യാസം, സർക്കാർ ജോലി തുടങ്ങിയ മേഖലകളിൽ തങ്ങളുടേതായ ഇടംനേടാൻ ഇവരെ പ്രാപ്തരാക്കിയത് ആധുനികതയാണെന്നു പറയാം. പുതിയകാലത്ത്, ഗോത്രത്തനിമകൾ ഒരുപരിധിയോളം സംരക്ഷിച്ചുകൊണ്ട് സാമൂഹ്യജീവിതത്തിൽ വലിയ മുന്നേറ്റമുണ്ടാക്കിയവരാണ് മുള്ളക്കുറുമർ. ആൺ-പെൺഭേദമെന്യേ ഗോത്രനിയമങ്ങൾ ലംഘിച്ചും ഗോത്രത്തലവൻമാരെ വെല്ലുവിളിച്ചും ഊരുകൾക്കുള്ളിൽ പരിഷ്കരണത്തിനുവേണ്ടി നടത്തിയ ചെറുത്തുനില്പുകളിലൂടെയും ആധുനികതയുടെ തുറവി

സാധ്യമാക്കിയ മുള്ളക്കുറുമരുടെ സാംസ്കാരിക പരിണാമം എങ്ങനെ ആയിരുന്നുവെന്ന് ചർച്ചചെയ്യുകയാണ് ഇവിടെ.

## മുള്ളക്കുറുമരുടെ ജീവിതം

വളരെ പ്രാചീനമായ ഒരു ഗോത്രസമൂഹമാണ് വയനാട്ടിലെ മുള്ളക്കുറുമർ. ഏതുകാലത്താണ് ഇവർ വയനാട്ടിൽ എത്തിയത് എന്നൊന്നും ഇവർക്കറിയില്ല. പണ്ടുമുതലേ വയനാട്ടിലുള്ളതാണെന്നും കുറിച്യരേക്കാൾ താഴ്ന്നതും ഊരാളിക്കുറുമരേക്കാൾ ഉയർന്നതുമായ സാമൂഹ്യസ്ഥാനമാണ് തങ്ങൾക്ക് എന്നും മാത്രമേ ഇവർക്കറിയൂ. ഏതുകാലത്താണ് ഇത്തരമൊരു ശ്രേണിപ്പെടുത്തൽ ഉണ്ടായത്, അതിനിടയാക്കിയ രാഷ്ട്രീയകാരണം എന്താവാം എന്നതു സംബന്ധിച്ച് ഇന്നുള്ളവർക്കു വിവരിക്കാൻ സാധിക്കുന്നില്ല. മുള്ളക്കുറുമർ ഗോത്രജീവിതമാണ് പിന്തുടരുന്നത്. ഗോത്രജീവിതത്തിന്റെ ഭാഗമായ പൊതുസ്വത്ത് എന്ന സങ്കല്പം ഇന്നും ഇവരിൽ നിലനില്ക്കുന്നു. കുടിയിൽ എല്ലാവർക്കും തുല്യ അവകാശമാണുള്ളത്. സ്വകാര്യസ്വത്ത് എന്ന സങ്കല്പം ഈ ജനതയ്ക്ക് അന്യമായിരുന്നു. "ഒരു കലം, ഒരു മുറം, ഒരു കയ്യ്" ഇത്തരത്തിൽ ഐക്യവും അദ്ധ്വാനവും ഒന്നിച്ചുചേരുന്ന, ഒരു കൂരയ്ക്കു കീഴിൽ ഒരുമയോടെ കഴിഞ്ഞിരുന്ന പൂർവ്വകാലം മുള്ളക്കുറുമർക്കുണ്ടായിരുന്നു. സ്വാതന്ത്ര്യവും സമത്വവും ഒപ്പം ഗോത്രജീവിതത്തിന്റെ തനിമയും സ്വാശ്രയത്വവും നിലനിന്നിരുന്ന കൃത്യമായ അധികാരഘടനയോടുകൂടിയ ഒരു സാമൂഹികജീവിതമാണ് മുള്ളക്കുറുമർ നയിച്ചുപോന്നിരുന്നത്.

## ഗോത്രാധികാരവും ഭരണകൂടാധികാരവും

ശക്തമായ അധികാരകേന്ദ്രങ്ങൾക്കു കീഴിൽ നിയന്ത്രിക്കപ്പെട്ടതാണ് മുള്ളക്കുറുമരുടെ സാമൂഹിക ജീവിതം. കർശനമായ നിയന്ത്രണങ്ങൾക്കു വിധേയമാണ് ഓരോ വ്യക്തിയും. സാമൂഹ്യജീവിതവുമായി ബന്ധപ്പെട്ട മുഴുവൻ കാര്യങ്ങളും തീരുമാനിച്ചിരുന്നത് ഈ അധികാരികളായ മൂപ്പൻമാരായിരുന്നു. കുടിമൂപ്പൻ, കുന്നുമൂപ്പൻ, തലച്ചിൽമൂപ്പൻ എന്നിവരാണ് മുള്ളക്കുറുമരെ നിയന്ത്രിക്കുന്ന ഇപ്പോഴത്തെ അധികാരികൾ.

നിലവിലുള്ള സാമൂഹികഘടനയനുസരിച്ച് അധികാരത്തിന്റെ ഏറ്റവും മുകൾത്തട്ടിൽ തലച്ചില്ലൻമാരാണ്. പാറയ്ക്ക് മീത്തൽ, പാറയ്ക്ക് താഴെ എന്നിങ്ങനെ ഇവരുടെ അധിവാസമേഖലയെ രണ്ടായി വിഭജിച്ചിരുന്നു. ഓരോ മേഖലയിലേയും മുഴുവൻ കുടികളുടേയും തലവനാണ് തലച്ചില്ലൻ. ആചാരപരവും അനുഷ്ഠാനപരവുമായ ചടങ്ങുകളിൽ

മാറ്റം വരുത്തുന്നതിനുള്ള അധികാരം തലച്ചില്ലന്മാർക്ക് ആയിരുന്നു. മേഖലകളെ കുന്നുകളായി വിഭജിച്ചിരിക്കുന്നു. അഞ്ചോആറോ കുടികളാണ് ഒരു കുന്നിന്റെ പരിധിയിൽ വരുന്നത്. കുന്നിന്റെ തലവൻ മാരെ കുന്നുമൂപ്പൻമാർ എന്നുവിളിക്കുന്നു. ശക്തരായ അധികാരകേന്ദ്രങ്ങ ളാണ് കുന്നുമൂപ്പൻമാർ. കുന്നുമൂപ്പൻമാരുടെ സാന്നിധ്യത്തിലാണ് എല്ലാ ആചാരാനുഷ്ഠാനങ്ങളും നടക്കുന്നത്. ഏറ്റവും താഴെതട്ടിൽ കുടികൾ. കുടിയുടെ അധികാരി കുടിമൂപ്പനാണ്. കുടിയിലെ അധികാരകേന്ദ്രം എന്ന നിലയിൽ കുടിമൂപ്പന്മാരുടെ സ്ഥാനം വളരെ ഉയർന്നതാണ്. ആചാരാനു ഷ്ഠാനങ്ങളും ആഘോഷങ്ങളും സംഘടിപ്പിക്കുന്നതിന് നേതൃത്വം നല്കുക, നയപരമായ തീരുമാനങ്ങളെടുക്കുക, ശിക്ഷാവിധികൾ നടപ്പാക്കുക തുടങ്ങിയ കാര്യങ്ങൾ നടത്താൻ ചുമതലയുള്ള ശക്തമായ അധികാര കേന്ദ്രമാണ് കുടിമൂപ്പൻമാർ. ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമായി നടത്ത പ്പെടുന്ന എല്ലാ ചടങ്ങുകളിലും കുടിമൂപ്പൻമാരുടെ സാന്നിദ്ധ്യം ഉണ്ടാ യിരിക്കണം. ഓരോ അംഗത്തേയും നിയന്ത്രിക്കുന്നതിനും അവരുടെ വ്യക്തിപരമായ കാര്യങ്ങളിൽപോലും ഇടപെടുന്നതിനുമുള്ള അധികാരം കുടിമൂപ്പൻമാർക്കുണ്ടായിരുന്നു. കുടിയിലെ ഭരണകർത്താവാണ് കുടിമൂ പ്പൻ. ഇത്തരത്തിലുള്ള ഒരധികാരഘടനയാണ് മുള്ളക്കുറുമർക്കുള്ളത്. തലച്ചില്ലൻവരെയുള്ള അധികാരകേന്ദ്രങ്ങൾ ഇപ്പോഴും നിലനില്ക്കുന്നു. കുന്നുമൂപ്പൻമാരും കുടിമൂപ്പൻമാരും ഇപ്പോഴും സജീവമാണ്. എങ്കിലും ഇവർക്കു അധികാരശോഷണം സംഭവിച്ചിട്ടുണ്ട്.

പഴയകാലത്തേതിൽനിന്നു വ്യത്യസ്തമായി കുടിമൂപ്പൻമാരുടെ അധികാരശോഷണത്തിനിടയാക്കിയ സാഹചര്യം സർക്കാർ തലത്തിലുണ്ടായ അധികാരസ്ഥാപനങ്ങളുടെ വ്യാപനമാണ്. ഇന്ന് മുള്ളക്കുറുമർക്കിടയിലെ ക്രമസമാധാനപ്രശ്നങ്ങൾ തീർക്കുന്നത് മൂപ്പൻ മാരല്ല. കോടതിയും പോലീസുമൊക്കെയാണ്. ഗോത്രജീവിതത്തിന്റെ അധികാരഘടനയിൽ സംഭവിച്ച പരിണാമമായി ഈ മാറ്റത്തെ കാണാവുന്നതാണ്. പഴയകാലത്തെ മൂപ്പന്മാരുടെ അധികാരവും ഇപ്പോ ഴത്തെ അവസ്ഥയും ഏറെ വ്യത്യാസപ്പെട്ടിരിക്കുന്നു. മുൻകാലങ്ങളിൽ കുടുംബ വഴക്കുകളും മറ്റനേകം പ്രശ്നങ്ങൾക്കും പരാതിപ്പെട്ടിരുന്നത് കുന്നുമൂപ്പൻമാരുടെ അടുത്തായിരുന്നു. അയാൾ ഉചിതമായ പ്രായശ്ചി ത്തവും നിശ്ചയിച്ചിരുന്നു. ആധുനികദേശരാഷ്ട്രത്തിൽ ക്രമസമാധാ നപ്രശ്നങ്ങൾ പരിഹരിക്കുന്നത് പോലീസ് മുഖാന്തരമാണ്. പൗരന്റെ നിയമപരമായ അവകാശങ്ങൾ സ്ഥാപിച്ചെടുക്കുന്നതിന് കോടതികൾ ഉപയോഗപ്പെടുത്തുന്നു. രാഷ്ട്രത്തിന്റെ പൊതുനിയമങ്ങൾ പൗരന്മാർക്കെ ല്ലാം ഒരുപോലെ ബാധകമാണ്. അതേസമയം ഗോത്രനിയമങ്ങൾ

രാഷ്ട്രനിയമങ്ങളിൽനിന്നും വിഭിന്നമാണ്. പലവിധമായ വിലക്കുകളും ഗോത്രനിയമങ്ങളിലുണ്ട്. ഗോത്രസമൂഹത്തിന്റെ വിലക്കുകൾ ആധുനികത തള്ളിക്കളഞ്ഞിട്ടുള്ളവയാണ്. ആധുനിക നിയമസംവിധാനങ്ങളെക്കുറിച്ചുള്ള അറിവും ഗോത്രനിയമങ്ങൾ പരിഷ്കരിക്കേണ്ടതാണെന്ന ബോധ്യവുമായിരിക്കാം കുടിമൂപ്പന്മാരുടെ നിയന്ത്രണങ്ങളും അധികാരസീമയും ലംഘിക്കാൻ ചെറുപ്പക്കാർക്ക് പ്രേരണയാകുന്നത്.

ആവാസ പരിണാമം

സമീപകാലത്ത് മുള്ളക്കുറുമരുടെ ആവാസസങ്കല്പത്തിൽ വന്ന പരിണാമമാണ് ഗോത്രസംസ്കാരത്തിലെ കൂട്ടായ്മജീവിതത്തിന്റെ ഭാഗമായ കുടികൾ ഇല്ലാതായത്. ഇന്നു മുള്ളക്കുറുമർ കുടിയിൽനിന്ന് അകന്നുമാറി. ഒറ്റപ്പെട്ട വീടുകളിൽ കഴിയാൻ താല്പര്യപ്പെടുന്നവരാണ്. ഇത്തരമൊരു മാറ്റത്തിലേക്ക് അവരെ കൊണ്ടെത്തിച്ചതിൽ പൊതുസമൂഹത്തിന്റെ സ്വാധീനം വളരെ വലുതാണ്. ഗോത്രസംസ്കാരം രൂപപ്പെടുത്തുകയും നിലനിർത്തുകയും ചെയ്ത സാമൂഹ്യക്രമത്തെത്തന്നെ പൊതുസമൂഹം ഏറെക്കുറെ ഇല്ലായ്മചെയ്തു. അതിന്റെ ഫലമായാണ് ഗോത്ര സംസ്കാരത്തിൽനിന്ന് ആദിവാസികൾ അകന്നു പോയത്. ഈ മാറ്റത്തിന് വിവിധ കാരണങ്ങൾ ചൂണ്ടിക്കാണിക്കാം.

1. കുടിയേറ്റക്കാരുടെ വ്യാപനത്തോടെ ആദിവാസികളുടെ ആവാസ വ്യവസ്ഥയിൽ വന്ന മാറ്റം.
2. സ്വകാര്യസ്വത്ത് എന്ന സങ്കല്പം രൂപപ്പെട്ടത്.
3. പൊതുസമൂഹത്തിലുണ്ടായ മാറ്റത്തെ ഉൾക്കൊള്ളാൻ തയ്യാറായത്.
4. ബാഹ്യ ഇടപെടലുകൾ
5. ഗൃഹനിർമ്മാണ രീതിയിൽ വന്ന മാറ്റം

മുള്ളക്കുറുമരുടെ ജീവിതത്തെ മാറ്റി മറിച്ച പ്രധാന സംഭവമാണ് വയനാട്ടിലെ കുടിയേറ്റം. 1920-കളിൽ ആരംഭിച്ച കുടിയേറ്റം എഴുപതുകൾവരെ നീണ്ടുനിന്നു. ഇതിനുശേഷമാണ് ഇവരുടെ ജീവിതത്തിൽ വലിയതോതിലുള്ള പരിവർത്തനങ്ങൾ സംഭവിച്ചത്. ആവാസകേന്ദ്രമായിരുന്ന വനങ്ങൾ നഷ്ടപ്പെട്ടതും പ്രാന്തവത്കരിക്കപ്പെട്ടതും കുടിയേറ്റക്കാലത്താണ്. ഭൂവുടമകളായ ജന്മികൾ കുടിയേറ്റക്കാർക്ക് വൻതോതിൽ ഭൂമി കൈമാറി. ജന്മികളുടെ പാട്ടകൃഷിക്കാരായിരുന്ന മുള്ളക്കുറുമർക്ക് കൈവശമുണ്ടായിരുന്ന ഭൂമി നഷ്ടപ്പെട്ടു. ഈ അവസ്ഥ കെ. പാന്നൂർ ഇങ്ങനെ വിവരിക്കുന്നു. "വനങ്ങളിൽ വിവിധഭാഗങ്ങളിൽ കാലാകാലങ്ങളായി പുലരുകയായിരുന്ന മണ്ണിന്റെ മക്കളായ വനവാസികൾ ഇവിടുത്തെ സ്വകാര്യജന്മിമാരുടെ, പ്രധാനമായും ദേവസ്വം

ഊരാളൻമാരുടെ, മൗനാനുവാദത്തോടെ നിർദ്ദയം തുരത്തപ്പെടുകയായിരുന്നു എന്നതാണ് യാഥാർത്ഥ്യം''. പിന്നീടവർ പരിമിതമായ സ്ഥലത്ത് കൃഷിചെയ്യുകയും തകിടംമറിഞ്ഞ ആവാസവ്യവസ്ഥക്കുള്ളിൽ ജീവിച്ചു പോരികയുംചെയ്തു. ചുറ്റുപാടും കുടിയേറ്റക്കാർ നിറഞ്ഞു. അവരുടെ വീടുകളും ജീവിതരീതിയും ശ്രദ്ധിക്കാനിടയായ മുള്ളക്കുറുമർ നിലവിലുണ്ടായിരുന്ന കുടിസമ്പ്രദായം ഒഴിവാക്കി. പകരം ഒറ്റപ്പെട്ട വീടുകളിലേക്കു മാറിത്താമസിക്കാൻ തുടങ്ങി. ഈ പ്രവണത ഇപ്പോൾ വളരെ വ്യാപകമായിരിക്കുന്നു. കുടികൾ അപ്രത്യക്ഷമായിരിക്കുന്നു.

കുടിയേറ്റക്കാരുടെ വ്യാപനത്തോടെ കാടു ചുരുങ്ങുകയും വന്യമൃഗശല്യം ഇല്ലാതാവുകയും ചെയ്തു. പഴയ കാടുകൾ ജനവാസകേന്ദ്രങ്ങളായി മാറി. അപ്പോൾ ഗോത്രസംസ്കാരം രൂപപ്പെടുത്തിയ ഭൗതികസാഹചര്യം (കുടികൾ) ഇല്ലാതാവുകയും മുള്ളക്കുറുമർ പാരമ്പര്യ കൂട്ടുകുടുംബ സമ്പ്രദായത്തിൽനിന്ന് വ്യതിചലിക്കാനും തുടങ്ങിയെന്ന് കരുതാം. സ്വന്തംസ്ഥലം, സ്വന്തംവീട് എന്ന സങ്കല്പം രൂപപ്പെടുകയും ചെയ്തു.

ഒറ്റപ്പെട്ട വീടുകളിലെ താമസം കൂടുതൽ സൗകര്യവും സ്വകാര്യതയും നല്കുന്നു. കുട്ടികളുടെ വിദ്യാഭ്യാസപരമായ കാര്യത്തിൽ മാതാപിതാക്കൾക്ക് ഇടപെടുന്നതിനുള്ള അവസരം വർദ്ധിപ്പിച്ചു. മികച്ചരീതിയിൽ കുട്ടികളെ വളർത്തുന്നതിനുള്ള സാഹചര്യം ഇതു നല്കുന്നു. കൂടുതൽ മുറികളോടു കൂടിയ, സൗകര്യമുള്ളതും സ്വകാര്യത നല്കുന്നതുമാണ് ആധുനികകാലത്തെ വീടുകൾ. ഇവ സൗകര്യത്തോടൊപ്പം സ്വകാര്യതയും നല്കുന്നു. അവർ അത് ഇഷ്ടപ്പെടുകയും ചെയ്യുന്നുണ്ട്. ഗോത്രജീവിതത്തിലെ കൂട്ടായ്മയിൽനിന്ന് സ്വകാര്യതയിലേക്കുള്ള ഈ മാറ്റം ആധുനികലോകത്തെ വ്യക്തിയുടെ ഉൾവലിയലായി കരുതാം.

### ആചാരാനുഷ്ഠാനങ്ങളിലെ പരിണാമം

സവിശേഷതയാർന്ന സംസ്കാരക്രിയകളാണ് മുള്ളക്കുറുമർക്കുള്ളത്. ഇന്ന് ഇവയ്ക്കു വലിയ പരിണാമങ്ങൾ സംഭവിച്ചിരിക്കുന്നു. പല ചടങ്ങുകളും ഇല്ലാതാവുകയോ നിർത്തലാക്കപ്പെടുകയോ ചെയ്തിട്ടുണ്ട്. ചിലത് കാലോചിതമായ പരിഷ്കാരത്തോടെ നടത്തപ്പെടുന്നുണ്ട്. നിർത്തലാക്കപ്പെട്ട ക്രിയകളിൽ പ്രധാനപ്പെട്ട ഒന്ന് ബാവിളി ദിവസം കുട്ടിയെ ശുദ്ധീകരിക്കുന്നതിനുവേണ്ടി നടത്തിയിരുന്ന 'മാറ്റ് തളിക്കുക' എന്ന ചടങ്ങാണ്. മുള്ളക്കുറുമർക്കിടയിൽ ഒരു കുട്ടി ജനിച്ചാൽ ബാവിളി ദിവസം കുളിപ്പിച്ച് മുഖത്ത് മാറ്റ് തളിച്ചാണ് വീടിനുള്ളിലേക്കു കൊണ്ടു വരുന്നത്. അതുവരെ അമ്മയും കുട്ടിയും കുടിയിലുള്ള പേറ്റുപുരയിൽ

താമസിക്കണം. മാറ്റ് തളിക്കുന്നതിലൂടെ കുട്ടി ശുദ്ധീകരിക്കപ്പെട്ടുമെന്ന വിശ്വാസമോ, തങ്ങളുടെ കൂട്ടത്തിലേയ്ക്ക് പുതിയ ഒരു അംഗത്തെ ചേർക്കുന്നതിനോ ഉള്ള ക്രിയയായിട്ടായിരിക്കാം മാറ്റ് തളിയ്ക്കുന്നത്.

മാറ്റ് എന്നു പറയുന്ന ദ്രാവകം മണ്ണാത്തികളുടെ ആർത്തവരക്തം പുരണ്ട തുണി കത്തിച്ചെടുത്ത ചാരം കലക്കിയ വെള്ളമാണ്. ഇത് പ്രസവിച്ച സ്ത്രീയുടെ ശരീരത്തിലും നവജാത ശിശുവിന്റെ മുഖത്തും വീട്ടിലും തളിച്ചതിനു ശേഷമാണ് അവരെ അകത്തേക്ക് പ്രവേശിപ്പിക്കുന്നത്. എന്തിനാണ് ഈ ക്രിയ നടത്തിയിരുന്നത് എന്നതു സംബന്ധിച്ച് ഇന്നാർക്കും വിവരിക്കാൻ കഴിയുന്നില്ല. ഏതെങ്കിലും തരത്തിലുള്ള വിശ്വാസക്രിയ ഇതിനു പിന്നിലുണ്ടായിരുന്നിരിക്കണം. പില്ക്കാലത്ത് ഈ ക്രിയയുടെ അർത്ഥം നഷ്ടപ്പെട്ടുപോയതായിരിക്കാം. എന്നാൽ പുതുതലമുറ പ്രസവവും ആർത്തവവുമൊക്കെ ജൈവപ്രക്രിയകളാണെന്ന് മനസ്സിലാക്കിയിരിക്കുന്നു. അതിനാൽ ആർത്തവരക്തം മലിനമാണെന്നും അത് വൃത്തികേടാണെന്നുമുള്ള തിരിച്ചറിവിലേക്ക് മുള്ളക്കുറുമർ എത്തിയിരിക്കുന്നു. അതുകൊായിരിക്കണം മാറ്റ് ഉപേക്ഷിക്കാനും പകരം ശുദ്ധമെന്ന് നാട്ടുകാരായ വിശ്വാസികൾ അംഗീകരിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്ന അമ്പലത്തിലെ പുണ്യാഹം ഉപയോഗിക്കാനും തുടങ്ങിയത്. ഇത് മുള്ളക്കുറുമർ ഹൈന്ദവരീതികൾ സ്വീകരിക്കുന്നു എന്നതിന്റെ സൂചന കൂടിയാണ്.

ജനനവുമായി ബന്ധപ്പെട്ടു നടത്തിയിരുന്ന ചടങ്ങുകൾ പൂർണ്ണമായും ഇല്ലാതായിരിക്കുന്നു. ഇന്നത്തെ സ്ത്രീകൾ പ്രസവിക്കുന്നത് ആശുപത്രികളിലാണ്. തന്മൂലം പേറ്റുപുരയുടെ ആവശ്യം ഇല്ലാതാവുകയും അവ അപ്രത്യക്ഷമാവുകയും ചെയ്തിരിക്കുന്നു. മുമ്പ് ഗർഭശുശ്രൂഷയും പ്രസവാന്തര സംരക്ഷണവും ഭർത്തൃവീട്ടുകാരുടെ ചുമതലയിലായിരുന്നു. ഉയർന്ന ജാതിക്കാരുടെ ചടങ്ങുകൾ ശീലിക്കാൻ തുടങ്ങിയതോടെ മുള്ളക്കുറുമരിലും ഗർഭകാല ചികിത്സയും പ്രസവാനന്തര ശുശ്രൂഷയും പെൺവീട്ടുകാരുടെ ചുമതലയായി മാറിയിരിക്കുന്നു. പഴയരീതിയിലുള്ള പേരിടൽ ചടങ്ങ് ഇന്നില്ല. പകരം കുട്ടിയുടെ മാതാപിതാക്കൾ ഇഷ്ടമുള്ള പേർ കണ്ടെത്തി കുട്ടിക്കിടുന്നു. പഴയകാലത്തുനിന്ന് വ്യത്യസ്തമായി നടത്തി വരുന്ന ചടങ്ങ് ചോറൂണാണ്. ഇന്ന് പലരും അമ്പലങ്ങളിൽ കൊണ്ടുപോയി പ്രത്യേകചടങ്ങായിത്തന്നെ ഇതു നടത്തുന്നു. ഹൈന്ദവാചാരങ്ങൾ സ്വാംശീകരിച്ചതിന്റെ അടയാളമായിരിക്കണം ഈ ചടങ്ങ്.

മരണാന്തരചടങ്ങുകൾക്കു മാറ്റമില്ല. മൃതശരീരത്തോടൊപ്പം അടക്കം ചെയ്യാൻ അമ്പും വില്ലും കുടിയിലില്ലെങ്കിൽ കൊല്ലനെകൊണ്ട് ഉണ്ടാക്കിക്കുകയും കാട്ടിൽപോയി ഇല്ലിവെട്ടി വില്ലുണ്ടാക്കി കുഴിയിൽ അടക്കം

ചെയ്യുകയുമാണത്രേ. . ശവസംസ്കാര ചടങ്ങിലും അനുബന്ധചടങ്ങുകളായ പുലവിളി, വെച്ചുകൊടുക്ക ഇവയിലും മാറ്റങ്ങൾ ഉണ്ടായിട്ടില്ല. പൊതു സമൂഹം ബഹിഷ്കരിച്ച ഇത്തരം പഴഞ്ചൻ വിശ്വാസങ്ങളോടും ആചാരരീതികളോടും പൊതുവെ മുള്ളക്കുറുമർ താല്പര്യം പ്രകടിപ്പിക്കുന്നില്ലെന്ന് വേണം കരുതാൻ. എന്തും ഏതും ആഘോഷിമാക്കി മാറ്റിയിരുന്ന പഴയ കാരണവൻമാരുടെ കാലം കഴിഞ്ഞു തുടങ്ങിയതും ഈ പരിണാമങ്ങൾക്ക കാരണമായി കരുതാം.

### ആധുനികവേഷവും ശരീരവും

വെളുത്ത വസ്ത്രം മാത്രമാണ് മുൻകാലങ്ങളിൽ മുള്ളക്കുറുമർ ധരിച്ചിരുന്നത്. പുരുഷൻമാർ സാധാരണ മുട്ടൊപ്പം എത്തുന്ന ഒറ്റമുണ്ടും മേൽമുണ്ടുമായിരുന്നു ധരിച്ചിരുന്നത്. സ്ത്രീകൾ മുട്ടിനുതാഴെ എത്തുന്ന മുണ്ട് ഉടുക്കുകയും മറ്റൊരെണ്ണം ഒരുവശം ചെരിച്ച് തോളിലൂടെ കുറുകെ കെട്ടുകയുമാണ് ചെയ്തിരുന്നത്. മേക്കട്ടിഎന്നാണ് ഇതിന് പേരുപറയുക. നിറമുള്ള വസ്ത്രങ്ങളോ തയ്പിച്ച വസ്ത്രങ്ങളോ മുൻകാലങ്ങളിൽ ഇവർ ഉപയോഗിച്ചിരുന്നില്ല. കാരിക്കൻ എന്ന പേരുള്ള ഒരിനം തുണിയാണ് പഴയകാലത്ത് മുള്ളക്കുറുമർ ഉപയോഗിച്ചിരുന്നത്. പുന്നാടൻമാരാണ് ഇതു വയനാട്ടിൽ എത്തിച്ചിരുന്നത്. നെയ്തെടുക്കുന്ന വസ്ത്രം അതേ പടിയാണ് കൊണ്ടുവരുന്നത്. അഞ്ചുരൂപയാണ് അതിന്റെ മൊത്തവില. അതുവാങ്ങി കുട്ടിക്ക് ഒരു മുഴം, വലിയവർക്ക്മൂന്നുമുഴം എന്ന അളവിൽ എല്ലാവർക്കും മുറിച്ചുകൊടുക്കുകയാണ് ചെയ്തിരുന്നത്. സ്ത്രീകളും ഇതുതന്നെയാണ് ധരിച്ചിരുന്നത്. പാരമ്പര്യവേഷം എല്ലാ സന്ദർഭങ്ങളിലും നിർബന്ധമായിരുന്നു. സ്ത്രീകൾ പണ്ടുകാലംമുതൽ മേൽവസ്ത്രം ധരിക്കുന്നവരാണെന്ന് കാണാൻ കഴിയും എല്ലാവരും ഒരേ തരത്തിലുള്ള തുണിയാണ് ധരിച്ചിരുന്നതെന്നും മനസ്സിലാക്കാം. പുരുഷന്മാർ മേൽവസ്ത്രം ധരിച്ചിരുന്നില്ല. വിവാഹത്തിനുപോലും ഷർട്ട് അനുവദിച്ചിരുന്നില്ല, പാരമ്പര്യവേഷം മാത്രമേ വിവാഹസമയത്ത് അനുവദിച്ചിരുന്നുള്ളൂ.

സമീപകാലത്ത് മുള്ളക്കുറുമരുടെ വസ്ത്രധാരണരീതിയിൽ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. പഴയകാലത്ത് കാരിക്കൻ മുണ്ടാണ് ഉടുത്തിരുന്നത്. ഇന്നതിന്റെ സ്ഥാനത്ത് ഡബിൾമുണ്ടായി. ഷർട്ടു ധരിക്കാൻ തുടങ്ങിയിരിക്കുന്നു. ഈ മാറ്റങ്ങളൊക്കെ ഉണ്ടായത് പൊതുസമൂഹത്തെ അനുകരിക്കുന്നതിലൂടെയാണെന്നാണ് ഇദ്ദേഹം അഭിപ്രായപ്പെട്ടത്. പുറമെനിന്ന് എത്തിച്ചേർന്ന 'പരിഷ്കൃത'കുടിയേറ്റ ജനതയെ ആണ് മുള്ളക്കറുമർ മാതൃക ആക്കുന്നതെന്ന് കാണാം. അവരെപ്പോലെ ആയിത്തീരുകയാണ് തങ്ങൾ ചെയ്തിട്ടുള്ളതെന്ന് പറയുമ്പോൾ പാരമ്പര്യത്തെ

നിഷേധിക്കുകയും മറ്റൊരു ജനതയുടെ അടയാളങ്ങളെ തങ്ങളുടെ തൻമയിലേക്ക് സ്വീകരിക്കുകയാണ് ഇക്കൂട്ടർ ചെയ്യുന്നത്. കുടിയേറ്റ ജനതയുടെ സ്വത്വസങ്കല്പത്തോടു മുള്ളക്കുറുമരും അടുക്കുന്നതായി വില യിരുത്താം.

മാറ്റത്തോടൊപ്പം വേഷത്തെ സംബന്ധിച്ചുള്ള കുടിമൂപ്പന്മാരുടെ അഭിപ്രായങ്ങളെ പുതുതലമുറ തള്ളിക്കളയുന്നതു കാണാൻ കഴിയും. മാറുന്ന തലമുറയ്ക്കു മുമ്പിൽ പിടിച്ചു നില്ക്കാൻ കഴിയാതെ മാറ്റത്തെ അനു കൂലിക്കുകയാണ് കാരണവന്മാർ പൊതുവെ ചെയ്തിട്ടുള്ളത്. മാറ്റത്തെ കാരണവർമാരും ഊരുമൂപ്പന്മാരും ഉൾക്കൊള്ളുകയല്ല ചെറുപ്പക്കാരുടെ പുതിയപ്രവണതകൾ നിർബന്ധപൂർവ്വം അംഗീകരിക്കുകയാണ്. മാറ്റം ആവശ്യമാണെന്ന തിരിച്ചറിവിലേക്ക് കുടിമൂപ്പന്മാരെ യുവതലമുറ എത്തിച്ചിരിക്കുന്നു എന്നു കരുതാം. മറ്റാളുകളുമായുണ്ടായ ബന്ധങ്ങളും ഇടപഴകലുകളുമാണ് വസ്ത്രധാരണത്തിൽ ഇവർക്കിടയിൽ പരിവർ ത്തനം സൃഷ്ടിച്ചത്. പാരമ്പര്യമായ വെളുത്തമുണ്ടിനുപകരം നിറമുള്ള മുണ്ടുടുത്തതിന് യുവാക്കൾ തല്ലുകൊണ്ടിട്ടുണ്ട്. എന്നാൽ ഇങ്ങനെ എതിർപ്പുള്ള കാരണവന്മാർ തങ്ങളുടെ നിഷ്കർഷ പന്നീട് ഒഴിവാക്കി യത് ഇനിയുള്ളകാലം യുവാക്കൾ പാരമ്പര്യങ്ങൾ തിരുത്തും എന്ന തിരിച്ചറിവിൽനിന്നാണ്.

ഇന്ന് വിവാഹസമയത്ത് പാരമ്പര്യവേഷം സ്വീകരിക്കുന്നതുകൊണ്ട് വിവാഹംപോലും മുടങ്ങുന്ന എന്ന സാമൂഹ്യയാഥാർത്ഥ്യവും മുള്ളക്കുറുമർ അഭിമുഖീകരിക്കുന്നു. പരിഷ്കരണ ശ്രമങ്ങൾക്ക് അത്രയേറെ പിൻബലം ലഭിച്ചു കഴിഞ്ഞിരിക്കുന്നു എന്ന് കരുതാം. കുപ്പായമിട്ട് പെണ്ണുകെട്ടാൻ വരുന്ന മണവാളനെ ഇറക്കിവിട്ടിരുന്ന കാലത്തുനിന്ന്, മണവാട്ടി പാരമ്പര്യവേഷം ധരിച്ചതിന്റെ പേരിൽ വിവാഹം വേണ്ടെന്നുവയ്ക്കുന്ന മണവാളനിലേക്ക് പുതുതലമുറ എത്തിയിരിക്കുന്നു. കാരണവന്മാരുടെ എതിർപ്പുകൾ കേവലം എതിർപ്പുകളായിമാറുന്ന സാഹചര്യമാണ് ഇന്നുള്ളത്. സ്ത്രീകൾക്കുണ്ടായ സാമ്പത്തിക സ്വാശ്രയത്വം വേഷം മാറ്റു ന്നതിന് കാരണമായിട്ടുണ്ട്. കൂലിപ്പണിക്കുപോയി കിട്ടുന്നതുകകൊണ്ട് തങ്ങൾക്കിഷ്ടപ്പെട്ട വസ്ത്രം വാങ്ങാനും അതിനുനേർക്കുള്ള എതിർപ്പുകളെ തള്ളിക്കളയാനും കഴിഞ്ഞിട്ടുണ്ട്. പുറത്തേക്കുള്ള യാത്രകളും സ്റ്റാറ്റസിൽ വന്ന മാറ്റവും വേഷം മാറുന്നതിന് പ്രേരണയായതായി പലരും സൂചിപ്പി ക്കുന്നു. മക്കൾ ജോലിക്കാരായതുകൊണ്ട് തങ്ങളുടെ സാമൂഹ്യസ്ഥാനം ഉയർന്നുവെന്നും പരിഷ്കരിച്ച വേഷമാണ് തങ്ങൾക്ക് യോജിക്കുക എന്നും ഇവർ വിശ്വസിക്കുന്നു. പാരമ്പര്യവേഷം മറ്റുള്ളവരുടെ മുന്നിൽ

കുറച്ചിലുണ്ടാക്കുന്നതായി സ്ത്രീകൾ ചിന്തിച്ചുതുടങ്ങിയിരിക്കുന്നു. പരമ്പരാഗത വേഷത്തെ മറ്റുള്ളവർ അത്ഭുതത്തോടെ നോക്കുന്നതും തങ്ങൾ മറ്റുള്ളവരുടെ നോട്ടത്തിന്റെ കേന്ദ്രമാവുമ്പോൾ ഉണ്ടാകുന്ന അപമാനവും വേഷം മാറ്റുന്നതിന് കാരണമായിട്ടുണ്ട്.

മുള്ളക്കുറുമർക്കിടയിൽ നടക്കുന്ന ആധുനികവത്കരണത്തിന്റെ ചില ഉദാഹരണങ്ങൾ മാത്രമാണ് ഇവിടെ ചർച്ചചെയ്തത്. ഈ മാറ്റങ്ങൾ കേരളത്തിന്റെ പൊതുസമൂഹത്തിൽ ഉണ്ടായ മാറ്റങ്ങളുടെ അനുരണങ്ങൾക്കപ്പുറം മൗലികമായ ഒന്നാണ്. കേരളത്തിന്റെ നവോത്ഥാനചരിത്രംപരിശോധിച്ചാൽ സാമൂഹികവും ജാതീയവുമായ പരിഷ്കാരങ്ങൾക്കു വേണ്ടി നിരവധി പ്രക്ഷോഭങ്ങൾ നടന്നിട്ടുണ്ട്. നിരവധി സാമൂഹ്യപരിഷ്കർത്താക്കളെയും കാണാൻ കഴിയും. എന്നാൽ ഇത്തരം പ്രവർത്തനമണ്ഡലത്തിന് പുറത്തായിരുന്നു മുള്ളക്കുറുമരെപ്പോലുള്ള ആദിവാസികൾ. അവർ അവരുടെ ആധുനികത തെരഞ്ഞെടുക്കുന്ന പ്രക്രിയ ഇപ്പോഴും തുടരുകയാണ്. കേരളീയ പൊതുസമൂഹം ഈ ആധുനികതയെ എങ്ങനെ കാണുന്നുവെന്നതും പ്രധാനപ്പെട്ട ചോദ്യമാണ്.

കുറിപ്പ്

*മുള്ളക്കുറുമരിൽനിന്നു ശേഖരിച്ചവയാണ് ഈ ലേഖനത്തിൽ ഉപയോഗിച്ചിരിക്കുന്ന വിവരങ്ങൾ.*

ഗ്രന്ഥസൂചി

1 ബേബി കെ. ജെ., 1993- നാടുഗദ്ദിക, ഗദ്ദിക പബ്ലിക്കേഷൻസ്, നടവയൽ.
2 ബിജു കെ.കെ., 2011- ആദിവാസി സ്വയംഭരണത്തിൽനിന്ന് ദേശരാഷ്ട്ര ഭരണത്തിലേക്ക്, വിദ്യാർത്ഥി പബ്ലിക്കേഷൻസ്, കോഴിക്കോട്.
3 ജോണി ഒ.കെ., 2006-വയനാട് രേഖകൾ, ഒലിവ് പബ്ലിക്കേഷൻസ്, കോഴിക്കോട്
4 ജോസ് പാഴൂക്കാരൻ, 2011-കാപ്പിമൂപ്പന്റെ കാടനുഭവങ്ങൾ, കൈരളി ബുക്സ് , കോഴിക്കോട്
5 പാനൂർ കെ. 1999, കേരളത്തിലെ ആഫ്രിക്ക, കോട്ടയം പബ്ലിക്കേഷൻസ്, കോട്ടയം
6 മനോജ് മാതിരപ്പള്ളി, 2013 കേരളത്തിലെ ആദിവാസികൾ—കലയും സംസ്കാരവും- ഡിസി ബുക്സ്, കോട്ടയം.
7 വേലപ്പൻ കെ., 1994- ആദിവാസികളും ആദിവാസിഭാഷകളും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.